**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **18-01-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂരിലെ പാലം പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ പഞ്ചായത്തിലെ പറക്കുന്നംപാലം, എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം, കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പുന്നപ്പാടം കോസ് വേ എന്നിവയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (എ) | ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ പറക്കുന്നം പാലത്തിന്റെ നിർമ്മാണ-ത്തിനായി 10.05 കോടിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സാമ്പത്തികാനുമതിക്കായി കിഫ്ബി യിൽ സമർപ്പിക്കുകയും തുടർന്ന് കിഫ്ബിയിൽ നിന്ന് ടി.എ.ആർ (ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്) ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തിയുടെ തുടർ നടപടികൾ കെ.ആർ.എഫ്.ബി ക്ക് കീഴിലെ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ചുള്ളിമട പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. സബ്സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ പുഴ സംരക്ഷണ ഭിത്തിയുടെ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു. 08/01/2021-ലെ G.O(Rt) No. 24/2021/PWD നമ്പർ ഉത്തരവ് പ്രകാരം കിഴക്കഞ്ചേരി പഞ്ചായത്തിലെ പുന്നപ്പാടം മമ്പാട് കോസ് വേ യുടെ നിർമ്മാണത്തിന് 660 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ